# കേരള കാർഷിക സർവ്വകലാശാല

സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി

പെരുമ്പാവൂർ,എറണാകുളം ജില്ല

ടെലിഫോൺ 0484- 2658221 ; ഇ മെയിൽ: amprs@kau.in; വെബ്സൈറ്റ്: http://amprs.kau.in


നമ്പർ:എ/421/2020 Vol 2 തീയ്യതി: 23-06-2022

## കൊട്ടേഷൻ നോട്ടീസ്

സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് 2022 - 2023 വർഷത്തേക്ക് പുരുഷ സെക്യൂരിറ്റി ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അംഗീകാരമുള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്നും മുദ്രവെച്ച കൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. കവറിനു പുറത്ത് "പുരുഷ സെക്യൂരിറ്റി ഗാർഡുകളെ നൽകുന്നതിനുള്ള കൊട്ടേഷൻ" എന്ന് എഴുതിയിരിക്കണം.

**കരാറുകാരന്റെ/ഏജൻസിയുടെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ കൊട്ടേഷനോടൊപ്പം നൽകേണ്ടതാണ്. സ്ഥാപനങ്ങൾ GST രജിസ്ട്രേഷൻ ഉള്ളവ ആയിരിക്കണം. GST നമ്പറും PAN നമ്പറും കൊട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കണം.**

സീൽ ചെയ്ത കൊട്ടേഷൻ 'പ്രൊഫസർ ആൻറ് ഹെഡ്, സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലി' എന്ന വിലാസത്തിൽ **30.06.2022 വൈകുന്നേരം 2.30 pm** മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ 3.00 pm മണിക്ക് കൊട്ടേഷനുകൾ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള കൊട്ടേഷൻ തൃപ്തികരമെങ്കിൽ മാത്രം സ്വീകരിക്കുന്നതാണ്.

**വ്യവസ്ഥകൾ**

| | | |
|---|---|---|
| 1 | ജോലി | വാച്ചിങ് ഡ്യൂട്ടി - റോഡിനിരുവശത്തുമുള്ള സ്റ്റേഷൻറെ ഫാമും കെട്ടിടങ്ങളും. (ചുറ്റുമതിലുള്ള 30 ഏക്കർ വിസ്തൃതിയുള്ള സ്ഥാപനത്തിന്റെ കൃഷിത്തോട്ടം, വില്പനകേന്ദ്രം, ഓഫീസ് കെട്ടിടങ്ങൾ, ലബോറട്ടറി, ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്ന ഫാമിൽ റോന്തു ചുറ്റേണ്ടതാണ്) |
| 2 | സമയം | **രാത്രിഡ്യൂട്ടി** (എല്ലാ ദിവസവും): വൈകിട്ട് 5 മണി മുതൽ രാവിലെ 8 വരെ<br><br>**പകൽഡ്യൂട്ടി** (ഞായറാഴ്ചകളിലും ആവശ്യപ്പെടുന്ന മറ്റു അവധി ദിവസങ്ങളിലും): രാവിലെ 8 മണി മുതൽ വൈകുന്നേരം 5 വരെ |
| 3 | വേതനം | GST ഉൾപ്പെടെ രാത്രിഡ്യൂട്ടിക്കും പകൽഡ്യൂട്ടിക്കും ഉള്ള **ദിവസ വേതനം പ്രത്യേകം,പ്രത്യേകം** രേഖപ്പെടുത്തണം. |
| 4 | കാലാവധി | ഒരു വർഷമോ യൂണിവേഴ്സിറ്റി പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെയോ, ഏതാണോ ആദ്യം അതുവരെ. |
| 5 | സെക്യൂരിറ്റി ജോലിക്കാവശ്യമായ യോഗ്യത | പ്രായം: 30 നും 60 നും ഇടക്ക് , 7-)ം ക്ലാസ് വിദ്യാഭ്യാസം<br>സെക്യൂരിറ്റി ജോലിക്കാവശ്യമായ കായികക്ഷമത |
| 6 | അഭിലഷണീയ യോഗ്യത | മിലിട്ടറി സർവ്വീസ് അല്ലെങ്കിൽ അംഗീകൃത സെക്യൂരിറ്റി ഏജൻസിയിൽ ജോലി ചെയ്തിട്ടുള്ള പരിചയം |
| 7 | ജോലിക്കുള്ള പ്രതിഫലം അല്ലാതെ സർവ്വകലാശാലയിൽ നിന്ന് മറ്റ് അനുകൂല്യങ്ങളോ അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല | |
| 8 | നിയമിക്കപ്പെടുന്ന ഏജൻസി 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ വ്യവസ്ഥകൾ അംഗീകരിച്ച് കരാർ ഒപ്പിടേണ്ടതും 10000/- രൂപ (പതിനായിരം രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതുമാണ്. സെക്യൂരിറ്റി തുക ബാധ്യതകൾ കഴിച്ച് കരാർ കാലാവധി കഴിഞ്ഞ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ . | |

| | |
|---|---|
| 9 | വാച്ചിങ് ഡ്യൂട്ടിക്ക് മുടക്കം വരാൻ പാടുള്ളതല്ല |
| 10 | ഓരോ സെക്യൂരിറ്റി ഏജൻസിയും വാച്ചിങ് ഡ്യൂട്ടിക്ക് ആളുകളെ നിയോഗിച്ചിട്ടുള്ള / ഇപ്പോൾ നിയോഗിച്ചുകൊണ്ടിരിക്കുന്ന മൂന്ന് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വിലാസം, ഫോൺ നമ്പർ എന്നിവ സമർപ്പിക്കേണ്ടതാണ്. |
| 11 | സെക്യൂരിറ്റിക്ക് എത്തുന്നവരുടെ തിരിച്ചറിയൽ രേഖകൾ കരാറുകാരൻ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്.<br>സെക്യൂരിറ്റി ഗാർഡുകൾ ക്രിമിനൽ കേസ്, കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല എന്ന സത്യവാങ്മൂലം അവരിൽനിന്നും ശേഖരിച്ച് സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. |
| 12 | കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സേവനത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്.<br>നിയോഗിച്ച ആളുടെ വാച്ചിങ് ഡ്യൂട്ടി തൃപ്തികരമല്ലെങ്കിൽ പുതിയ ആളെ അയക്കേണ്ടതാണ് .<br>ആളുടെ പെരുമാറ്റദൂഷ്യം, അശ്രദ്ധ, ഡ്യൂട്ടിയിലുള്ള വീഴ്ച്ച എന്നിവമൂലം സ്ഥാപനത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഏജൻസി ഉത്തരവാദിത്വം ഏൽക്കേണ്ടതും യൂണിവേഴ്സിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം കരാറുകാരൻ നികത്തേണ്ടതുമാണ്.<br>സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ സെക്യൂരിറ്റി തുക സ്ഥാപനത്തിന് മുതൽ കൂട്ടുന്നതുമാണ്. |
| 13 | യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ അസ്ഥിരപ്പെടുത്തുന്നതിനും നിർത്തിവയ്ക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കും. |
| 14 | കരാറുകാരൻ Individual ആണെങ്കിൽ വേതനത്തിൽ നിന്ന് 1% ഇൻകംടാക്സും അല്ലാത്ത പക്ഷം 2% ഇൻകംടാക്സും കിഴിവ് ചെയ്യുന്നതായിരിക്കും<br>സർക്കാർ കാലാ കാലങ്ങളിൽ നടപ്പിലാക്കുന്ന മറ്റ് നികുതികളും ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. |
| 15 | സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണചുമതല ഒഴിച്ച് നിയമപരമായും അല്ലാതെയുമുള്ള എല്ലാ ബാധ്യതകളും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും |
| 16 | ഒരു മാസത്തെ സേവനത്തിനുശേഷം പ്രൊഫസർ ആൻറ് ഹെഡ്, സുഗന്ധതൈല ഔഷധ സസ്യ ഗവേഷണ കേന്ദ്രം, ഓടക്കാലിയുടെ പേരിൽ ഇൻവോയ്സ് നൽകുന്ന മുറയ്ക്ക് ഇൻവോയ്സിൽ നിന്നും നിയമാനുസൃത ടാക്സുകൾ പിടിച്ചതിനു ശേഷം ബാങ്ക് പേയ്മെൻറ് നടത്തുന്നതാണ് . ഇതിനായി ക്വട്ടേഷൻ ഏതു പേരിലാണോ സമർപ്പിക്കുന്നത് ആ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ കോപ്പി നല്കേണ്ടതാണ്. |
| 17 | ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ലഭ്യമാണ്. ഫോൺ നമ്പർ: 0484- 2658221 |

(sd/-)

**ഡോ.ആൻസി ജോസഫ്**

**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ്: നോട്ടീസ് ബോർഡ്

പകർപ്പ് : പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ നോട്ടീസ് ബോർഡുകൾ,
സമീപത്തുള്ള സെക്യൂരിറ്റി ഏജൻസികൾ, ഫാം മാനേജർ.